2026
AUGUST
25
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# സപ്ലൈകോ : കുതിപ്പ് തുടരുന്നു റെക്കോഡ് വിറ്റുവരവ് രേഖപ്പെടുത്തി

**കൊച്ചി:** സംസ്ഥന സർകാരിന്റെ വിപണി ഇടപെടൽ സ്ഥാപനമായ സപ്ലൈകോ 33 ദിവസം കൊണ്ട് 391 കോടി രൂപയുടെ വിറ്റുവരവ് രേഖപ്പെടുത്തി റെക്കോഡിട്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം 35 ദിവസം കൊണ്ട് നേടിയ 385 കോടി രൂപയുടെ വിറ്റുവരവിനെ മറികടന്നിരിക്കുകയാണ്. ഉത്രാട ദിനമായ ഇന്നും സപ്ലൈകോയുടെ മുഴുവൻ വിൽപന ശാലകളും ഓണം ഫെയർ സ്റ്റാളുകളും തുറന്ന് പ്രവർത്തിക്കും. തിരുവന്തപുരം, കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിലെ മെഗാ ട്രേഡ്ഫെയറുകളിൽ വിറ്റുവരവ് നാലു കോടി 65 ലക്ഷം രൂപ കടന്നു.

തിരുവനന്തപുരം മെഗാ ട്രേഡ് ഫെയറിൽ നിന്നുള്ള വിറ്റു വരവ് മാത്രം 81 ലക്ഷം രൂപയാണ്. ആയിരം, ആയിരത്തി അഞ്ഞൂറ്, രണ്ടായിരം എന്നിങ്ങനെ വിവിധ വിലയുടെ കിറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. സെപ്റ്റംബറിലെ സബ്സീഡി സാധനങ്ങൾ കൂടി ഇപ്പോൾ തന്നെ വാങ്ങാനും സാധിക്കും. പൊതു വിപണിയിലേതിലും എല്ലാ സാധനങ്ങൾക്കും ഏകദേശം മുപ്പത് ശതമാനത്തിലധികം വിലക്കും ഉണ്ട്.

സപ്ലൈകോയുടെ ഓണം വിൽപ്പന ഉയർത്താൻ മുൻകാലങ്ങളെ അപേക്ഷിച്ച് വ്യത്യസ്ഥങ്ങളായ പദ്ധതികളാണ് തയ്യാറാക്കിയത്. സപ്ലൈകോയുടെ ഓണം മെഗാ ട്രേഡ് ഫെയറിലേക്കുള്ള സൗജന്യ കെഎസ്ആർടിസി ബസ് സർവീസിന് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ ജീവനക്കാർ വ്യാഴാഴ്ച്ച ഉച്ചയ്ക്ക് വൈറ്റില മൊബിലിറ്റി ഹബ്ബിൽ ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിൽ നടക്കുന്ന സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിലേക്കുള്ള സൗജന്യ യാത്രാസൗകര്യത്തിന്റെ ഫ്ളാഗ് ഓഫ് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബാണ് നിർവഹിച്ചത്.

ഓണക്കാലത്ത് പൊതുജനങ്ങൾക്ക് സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ ഉത്പന്നങ്ങളും ലഭ്യമാക്കുന്നതിനൊപ്പം മികച്ച ഷോപ്പിംഗ് അനുഭവംകൂടി ലഭിക്കുന്നു.

സാധനങ്ങളുടെ ലഭ്യത മാത്രമല്ല, ഉപഭോക്താക്കളുടെ യാത്രാസൗകര്യം കൂടി സപ്ലൈകോ ഫെയറിലേക്ക് ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായാണ് മെഗാ ട്രേഡ് ഫെയറിലേക്ക് സൗജന്യ യാത്രയ്ക്കായി രണ്ട് കെഎസ്ആർടിസി ലോഫ്ളോർ എ.സി. ബസുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. പൊതുജനങ്ങൾക്ക് ഇന്നും കൂടി ഈ സൗജന്യ യാത്രാസൗകര്യം പ്രയോജനപ്പെടുത്താം.സ്വകാര്യസർക്കാർ മേഖലകളിലെ പ്രമുഖ സ്ഥാപനങ്ങളുടെ വൈവിധ്യമാർന്ന സ്റ്റാളുകൾ ഉൾപ്പെടുത്തിയാണ് മെഗാ ട്രേഡ് ഫെയർ ഒരുക്കിയിരിക്കുന്നത്.

സപ്ലൈകോയുടെ ഉത്പന്നങ്ങൾക്കും പ്രത്യേക ഓഫറുകൾക്കും പുറമെ വിവിധ പ്രമുഖ ബ്രാൻഡുകളുടെയും സ്ഥാപനങ്ങളുടെയും ഉത്പന്നങ്ങളും സേവനങ്ങളും ഒരേ വേദിയിൽ പരിചയപ്പെടാനും വാങ്ങാനും ഫെയർ അവസരമൊരുക്കുന്നുണ്ട്. മികച്ച സേവനവും, വിൽപ്പനയും ഉറപ്പാക്കാൻ മാവേലി സ്റ്റോറുകളിലെ ജീവനക്കാരും പരസ്പരം മത്സരിക്കുന്ന കാഴ്ച്ചയും കാണാം. സർവ്വകാല റെക്കോഡ് വിൽപ്പന കൈവരിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

# ഗോതമ്പ് കയറ്റുമതി നിയന്ത്രണം പിൻവലിച്ചു

**ന്യൂദൽഹി:** ഗോതമ്പ് മാവ് (ആട്ട), മൈദ, റവ, ഹോൾ വീറ്റ് ആട്ട, റിസൾട്ടൻറ് ആട്ട എന്നിവയുൾപ്പെടെയുള്ള ഗോതന്പ് ഉത്പന്നങ്ങളുടെ കയറ്റുമതി നിയന്ത്രണം കേന്ദ്ര സർക്കാർ ഉടനടി പ്രാബല്യത്തോടെ പിൻവലിച്ചു.

ഗോതമ്പ് പൊടിയുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും കയറ്റുമതി നയത്തിൽ സർക്കാർ ഭേദഗതി വരുത്തുകയും ഇവയുടെ വിദേശ കയറ്റുമതിക്കുമേൽ മുൻപ് ഏർപ്പെടുത്തിയിരുന്ന നിരോധനം നീക്കുകയും ചെയ്തതായി ഔദ്യോഗിക വാർത്താക്കുറിപ്പിൽ അറിയിച്ചു.






2022 ജൂലൈ 12നാണ് കേന്ദ്ര സർക്കാർ ഗോതമ്പ് കയറ്റുമതി താൽക്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിച്ചത്. ഇതിനുശേഷമുള്ള പ്രധാന ഇളവാണിത്. മുൻപുണ്ടായിരുന്ന നിരോധനത്തിന് പകരം ഇവ സൗജന്യമായി കയറ്റുമതി ചെയ്യാൻ അനുവദിക്കുന്ന രീതിയിൽ സർക്കാർ കയറ്റുമതി നയത്തിൽ ഭേദഗതി വരുത്തി.

ഗോതമ്പിന്റെയും ഗോതമ്പ് അധിഷ്ഠിത ഉത്പന്നങ്ങളുടെയും മേലുള്ള കയറ്റുമതി നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായാണ് ഈ തീരുമാനം. പ്രതിവർഷം 50 ലക്ഷം ടൺ വരെ കയറ്റുമതി ചെയ്യാൻ അനുമതി നൽകിക്കൊണ്ട് സർക്കാർ ഈ വർഷം ആദ്യം ഭാഗികമായി ഇളവുകൾ നൽകിയിരുന്നു.

പുതിയ ഭേദഗതിയോടെ ഈ പരിധിയും ഒഴിവാക്കി. ഇത് വഴി കയറ്റുമതിക്കാർക്ക് അന്താരാഷ്ട്ര വിപണിയിലെ ആവശ്യകത അനുസരിച്ച് കൂടുതൽ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ സാധിക്കും. ആഭ്യന്തര വിപണിയിലെ ലഭ്യത ഉറപ്പാക്കാനും ഭക്ഷ്യവിലക്കയറ്റം തടയാനുമായി കുറച്ചു വർഷങ്ങളായി തുടർന്നുവന്ന നിയന്ത്രണങ്ങൾക്കാണ് ഇതോടെ മാറ്റമാകുന്നത്.

ആഭ്യന്തര വിപണിയിൽ ഗോതമ്പിൻറെയും ആട്ടയുടെയും വില കുത്തനെ ഉയർന്നതിനെ തുടർന്ന് 2022ൽ ഇന്ത്യ ഗോതമ്പ് കയറ്റുമതിക്ക് നിരോധനം ഏർപ്പെടുത്തിയത്. അന്താരാഷ്ട്ര വിപണിയിൽ വില കുത്തനെ ഉയർന്നതിനെത്തുടർന്ന് ഇന്ത്യ ഗോതമ്പ് കയറ്റുമതി വർധിപ്പിച്ചതിന് തൊട്ടുപിന്നാലെയായിരുന്നു ഈ നിയന്ത്രണങ്ങൾ നിലവിൽ വന്നത്.

റഷ്യ-യുക്രെയ്ൻ യുദ്ധത്തെത്തുടർന്നുണ്ടായ വിതരണ തടസങ്ങൾ കാരണം ആഗോളതലത്തിൽ ഗോതമ്പ് വില ഏകദേശം 40 % വരെ ഉയർന്നിരുന്നു. ലോകത്തിലെ ഗോതമ്പ് വ്യാപാരത്തിൻറെ 25 % കൈകാര്യം ചെയ്തിരുന്ന കരിങ്കടൽ മേഖലയിലെ വിതരണം തടസപ്പെട്ടതാണ് ആഗോള വിപണിയിൽ പ്രതിസന്ധി സൃഷ്ടിച്ചത്.

ഈ സമയത്ത് ഇന്ത്യ കൂടുതൽ കയറ്റുമതി നടത്തുകയും അന്താരാഷ്ട്ര വിപണിയിലെ ക്ഷാമത്തിന് ഒരു പരിധി വരെ ആശ്വാസമാകുകയും ചെയ്തു. എന്നാൽ, രാജ്യത്തിനകത്ത് വില ഉയരുകയും ഭക്ഷ്യസുരക്ഷയെക്കുറിച്ച് ആശങ്കകൾ ഉയരുകയും ചെയ്തതോടെ ഇന്ത്യ ആഭ്യന്തര വിപണിയിലെ ലഭ്യതയ്ക്ക് മുൻഗണന നൽകിക്കൊണ്ട് കയറ്റുമതി നിയന്ത്രിക്കുകയായിരുന്നു.

പുതിയ തീരുമാനത്തോടെ ഇന്ത്യ വീണ്ടും ഗോതമ്പ് ഉത്പന്നങ്ങളുടെ ആഗോള വ്യാപാരത്തിലേക്ക് സജീവമായി തിരിച്ചെത്തുകയാണ്.

ഈ നിയന്ത്രണങ്ങൾ നീക്കിയതിലൂടെ തദ്ദേശീയ മാവ് മില്ലുകൾക്കും കയറ്റുമതിക്കാർക്കും വിദേശ വിപണിയിലേക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കും.

KFON
INTERNET - A BASIC RIGHT

# കെഫോൺ കണക്ഷനുകൾ 1.93 ലക്ഷം കടന്നു

**കൊച്ചി:** കേരളത്തിലെ ഡിജിറ്റൽ കണക്റ്റിവിറ്റി ശൃംഖല കൂടുതൽ വിപുലമാകുന്നു. സംസ്ഥാനത്തെ കെഫോൺ കണക്ഷനുകളുടെ എണ്ണം 1,93,843 ആയി. വീടുകളിലും സ്ഥാപനങ്ങളിലുമായി ഫൈബർ കണക്റ്റിവിറ്റിയുടെ വ്യാപനം തുടരുന്നതിനൊപ്പം, ഉയർന്ന വേഗതയുള്ള ഇന്റർനെറ്റ് സേവനത്തിലേക്ക് കൂടുതൽ പേർ മാറുന്നതിന്റെ പ്രതിഫലനമാണ് കണക്ഷനുകളുടെ എണ്ണത്തിലെ തുടർച്ചയായ വർധന. ആരംഭഘട്ടത്തിലെ ചുരുക്കം കണക്ഷനുകളിൽനിന്ന് രണ്ടുലക്ഷത്തിനടുത്തെത്തിയ വളർച്ച കെഫോണിന്റെ സേവനവ്യാപനത്തിലെ ശ്രദ്ധേയമായ മുന്നേറ്റമാണ്.

ഇന്റർനെറ്റ് ഉപയോഗത്തിന്റെ സ്വഭാവത്തിലുണ്ടായ മാറ്റമാണ് ഈ വളർച്ചയ്ക്ക് പിന്നിലെ പ്രധാന ഘടകങ്ങളിലൊന്ന്. പഠനം, ജോലി, ബാങ്കിങ്, സർക്കാർ സേവനങ്ങൾ, ആരോഗ്യ സേവനങ്ങൾ, വ്യാപാരം തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് മാറിയതോടെ സ്ഥിരതയുള്ള ഇന്റർനെറ്റ് കണക്റ്റിവിറ്റി ദൈനംദിന ആവശ്യമായി മാറി. വീടുകളിൽ ഒരേ സമയം ഒന്നിലധികം ഉപകരണങ്ങൾ ഇന്റർനെറ്റുമായി ബന്ധിപ്പിക്കുന്ന സാഹചര്യം വർധിച്ചതും ഉയർന്ന വേഗതയുള്ള ഫൈബർ കണക്ഷനുകളുടെ ആവശ്യകത ഉയർത്തി. ഈ മാറ്റത്തിനനുസരിച്ച് കെഫോണിലേക്കുള്ള ഉപഭോക്തൃ താൽപര്യവും വർധിക്കുകയാണ്.

കണക്ഷനുകളുടെ വളർച്ച നഗരങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്. കണക്റ്റിവിറ്റി പരിമിതമായിരുന്ന പ്രദേശങ്ങളിലേക്കും ശൃംഖല വ്യാപിപ്പിക്കുന്നതിലൂടെ ഡിജിറ്റൽ വിടവ് കുറയ്ക്കാനുള്ള ശ്രമങ്ങളും തുടരുന്നു. കണക്റ്റിംഗ് ദി അൺകണക്റ്റഡ് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി, കോട്ടൂർ, വയനാട്ടിലെ പേര്യ 34, എറണാകുളത്തെ വളന്തകാട് ദ്വീപ് തുടങ്ങിയ പ്രദേശങ്ങളിലേക്ക് കണക്റ്റിവിറ്റി എത്തിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കായി സംസ്ഥാനത്ത് 14,000ത്തിലധികം സൗജന്യ കണക്ഷനുകളും ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ സേവനങ്ങളുടെ പ്രയോജനം കൂടുതൽ ജനവിഭാഗങ്ങളിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് ഇത്തരം ഇടപെടലുകൾ.

വീടുകളിലേക്കുള്ള കണക്റ്റിവിറ്റിക്കൊപ്പം സർക്കാർ സംവിധാനങ്ങളിലേക്കും കെഫോൺ ശൃംഖല വ്യാപിച്ചു. സെക്രട്ടേറിയറ്റ്, നിയമസഭ, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ കെഫോൺ നെറ്റ് വർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ട്. അതിവേഗ ഇന്റർനെറ്റ് സേവനം ഒരു ഉപഭോക്തൃ സേവനം എന്നതിലുപരി വിദ്യാഭ്യാസം, ഭരണസംവിധാനം, തൊഴിൽ, വ്യാപാരം തുടങ്ങിയ മേഖലകളുടെ അടിസ്ഥാന ആവശ്യമായി മാറുന്ന ഘട്ടത്തിലാണ് 1.93 ലക്ഷം കണക്ഷനുകൾ എന്ന നാഴികക്കല്ലും എത്തുന്നത്. കൂടുതൽ വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും ശൃംഖല വ്യാപിപ്പിച്ച് ഡിജിറ്റൽ കേരളത്തിന്റെ കണക്റ്റിവിറ്റി കൂടുതൽ ശക്തമാക്കുകയാണ് കെഫോണിന്റെ അടുത്ത ഘട്ടമെന്ന് അധികാരികൾ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗൾഫ് രാജ്യങ്ങളിലെ വനിതാ തൊഴിലാളികളുടെ സുരക്ഷയ്ക്ക് 'വൺസ്റ്റോപ്പ് സെന്ററുകൾ' സ്ഥാപിച്ചു വിദേശകാര്യ മന്ത്രാലയം

**കൊച്ചി:** ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ വനിതാ തൊഴിലാളികൾക്ക് സുരക്ഷിതവും ലളിതവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുന്നതിനായി ഇന്ത്യാ സർക്കാർ സുപ്രധാന നടപടികൾ സ്വീകരിച്ചു. പ്രതിസന്ധികൾ നേരിടുന്ന വനിതകൾക്ക് അടിയന്തര സഹായം ലഭ്യമാക്കുന്നതിനായി മനാമ, മസ്കറ്റ്, ദോഹ, റിയാദ്, ദുബായ്, ജിദ്ദ, കുവൈത്ത് എന്നീ പ്രധാന നഗരങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഏഴ് 'വൺസ്റ്റോപ്പ് സെന്ററുകൾ' സ്ഥാപിച്ചതായി രാജ്യസഭയിൽ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് വ്യക്തമാക്കി. ഗൾഫ് രാജ്യങ്ങളിൽ ഏകദേശം ഒരു കോടി ഇന്ത്യൻ പൗരന്മാർ താമസിക്കുന്നുണ്ടെന്നും ഇതിൽ യു.എ.ഇ., സൗദി അറേബ്യ, കുവൈത്ത്, ഖത്തർ, ഒമാൻ, ബഹ്റൈൻ തുടങ്ങിയ രാജ്യങ്ങളിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

വിദേശ തൊഴിലാളികളുടെ റിക്രൂട്ട്മെന്റ് കർശനമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ നടത്താൻ പാടുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. വിദേശ തൊഴിലുടമ ഒരു വനിതാ തൊഴിലാളിയെ നിയമിക്കുമ്പോൾ ബന്ധപ്പെട്ട ഇന്ത്യൻ മിഷനിൽ രണ്ടായിരത്തി അഞ്ഞൂറ് യു.എസ്. ഡോളറിന്റെ സാമ്പത്തിക ഗ്യാരണ്ടി നിക്ഷേപിക്കേണ്ടതുണ്ട്. കൂടാതെ തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള കരാർ ഇന്ത്യൻ മിഷൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഈ വൺസ്റ്റോപ്പ് സെന്ററുകൾ വഴി പ്രത്യേക ഹെൽപ്ലൈൻ, മെഡിക്കൽ പോലീസ് സഹായം, നിയമസഹായം, കൗൺസിലിംഗ്, മാനസികസാമൂഹിക പിന്തുണ എന്നിവ ലഭ്യമാക്കുന്നുണ്ട്. ദുബായ്, ജിദ്ദ, റിയാദ് എന്നിവിടങ്ങളിൽ പ്രവാസി ഭാരതീയ സഹായതാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

തൊഴിലാളികൾക്ക് ആവശ്യമായ സഹായം ലഭിക്കുന്നതിനായി വാക്ക്-ഇൻ അപ്പോയിന്റ്മെന്റുകൾ, ഇമെയിൽ, വിവിധ ഭാഷകളിലുള്ള ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി നമ്പറുകൾ, വാട്ട്സ്ആപ്പ് നമ്പറുകൾ, മദാദ്, സി.പി.ജി.ആർ.എ.എം.എസ്, ഇമൈഗ്രേറ്റ് പോലുള്ള പരാതി പരിഹാര പോർട്ടലുകൾ, സോഷ്യൽ മീഡിയ ചാനലുകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. ലഭിച്ച പരാതികളിൽ ഭൂരിഭാഗവും തൽക്ഷണം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും, വിദേശത്തേക്ക് പോകുന്ന തൊഴിലാളികൾക്ക് പ്രവാസി ഭാരതീയ ബീമാ യോജനയുടെ ആനുകൂല്യം ഗണ്യമായി ലഭിക്കുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

# റേ ബൈ താമര ഗുരുവായൂരിൽ പ്രവർത്തനം ആരംഭിച്ചു




**ഗുരുവായൂർ :** താമര ലെഷർ എക്സ്പീരിയൻസസിന്റെ പുതിയ ഹോസ്പിറ്റാലിറ്റി ബ്രാൻഡായ റേ ബൈ താമര ഗുരുവായൂരിൽ പ്രവർത്തനം ആരംഭിച്ചു. ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ എ.വി. ഗോപിനാഥ്, താമര ലെഷർ എക്സ്പീരിയൻസസ് സി.ഇ.ഒ. എം.സി സമീർ, സീനിയർ വൈസ് പ്രസിഡന്റ് ഓപ്പറേഷൻസ് മനോജ് മാത്യു, റേ ബൈ താമര ഗുരുവായൂർ ജനറൽ മാനേജർ രഞ്ജിത്ത് ആർ. എന്നിവർ ചേർന്നാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. രാജ്യത്തെ ആദ്യ ഫെയ്ത്ത് ഇന്റലിജന്റ് ഹോസ്പിറ്റാലിറ്റി ബ്രാൻഡാണ് റേ ബൈ താമര.

ക്ഷേത്ര ആചാരങ്ങൾക്ക് അനുയോജ്യമായ സേവനങ്ങൾ, വിശ്വാസാധിഷ്ഠിത ഭക്ഷണരീതികൾ, വ്യക്തിഗത യാത്രാ സഹായം, 'മിത്ര' പ്രതിനിധികളിലൂടെയുള്ള പ്രാദേശിക മാർഗനിർദേശം, സാംസ്കാരിക അനുഭവങ്ങൾ എന്നിവ റേയുടെ പ്രധാന സവിശേഷതകളാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എം.സി സമീർ പറഞ്ഞു. തീർത്ഥാടകരുടെ വിശ്വാസം, പാരമ്പര്യം, യാത്രാ ആവശ്യങ്ങൾ എന്നിവ പരിഗണിച്ചുള്ള പ്രത്യേക അതിഥി സേവനമാണ് ബ്രാൻഡ് ഒരുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഗുരുവായൂരിൽ നിന്ന് ആരംഭിക്കുന്ന റേ ബൈ താമരയുടെ ശൃംഖല തിരുപ്പതി, വേളാങ്കണ്ണി, പളനി, തിരുവണ്ണാമലൈ തുടങ്ങിയ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. 2030ഓടെ 25ലധികം ഹോട്ടലുകൾ ആരംഭിക്കുകയാണ് ബ്രാൻഡിന്റെ ലക്ഷ്യമെന്ന് സീനിയർ വൈസ് പ്രസിഡന്റ് ഓപ്പറേഷൻസ് മനോജ് മാത്യു പറഞ്ഞു.

# ഓണം ഉത്സവ കാല കളക്ഷനുകൾ അവതരിപ്പിച്ച് ഫാബ് ഇന്ത്യ

**കൊച്ചി:**ഓണം ആഘോഷങ്ങൾക്കായി ഫാബ്ഇന്ത്യ പുതിയ ഓണം കളക്ഷൻ അവതരിപ്പിച്ചു. 'ഓരോ നിമിഷവും സ്വർണം' എന്ന ക്യാംപയിന്റെ ഭാഗമായി അവതരിപ്പിച്ച കളക്ഷനിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കുമുള്ള ഉത്സവകാല വസ്ത്രങ്ങൾക്കൊപ്പം ഹോം ഡെക്കർ ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.



കേരളത്തിന്റെ തനത് കസവു സാരിയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് വനിതകളുടെ കളക്ഷൻ ഒരുക്കിയിരിക്കുന്നത്. മൃദുവായ ചന്ദേരി തുണിത്തരങ്ങളിൽ ഉത്സവനിറങ്ങൾ ചേർത്താണ് വെള്ളയും സ്വർണവും ചേർന്ന പരമ്പരാഗത ശൈലിക്ക് പുതിയ രൂപം നൽകിയിരിക്കുന്നത്. തുന്നൽപ്പണികളോടെയുള്ള കുർത്ത സെറ്റുകൾ, സിൽക്ക് സ്റ്റോളുകൾ, കോട്ടൺ കോർഡിനേറ്റുകൾ എന്നിവയും ശ്രേണിയിലുണ്ട്. ദക്ഷിണേന്ത്യൻ കാലാവസ്ഥയ്ക്കും അഭിരുചികൾക്കും അനുയോജ്യമായാണ് പുരുഷന്മാരുടെ വസ്ത്രങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. സ്വർണ കസവ് ബോർഡറുള്ള കോട്ടൺ വസ്ത്രങ്ങൾ, ഭാരം കുറഞ്ഞ സിൽക്ക്ബ്ലെൻഡ് ബുഷ് ഷർട്ടുകൾ, കോട്ടൺസിൽക്ക് കുർത്തകൾ എന്നിവയാണ് പ്രധാന ആകർഷണങ്ങൾ.

കുട്ടികൾക്കായി റെഡിടുവെയർ സാരികൾ, ലഹങ്കകൾ, ധോത്തികുർത്ത സെറ്റുകൾ എന്നിവയും അവതരിപ്പിച്ചു. ഓണക്കോടി സമ്മാനിക്കുന്ന പാരമ്പര്യത്തിന് അനുയോജ്യമായാണ് മുഴുവൻ കുടുംബത്തിനുമുള്ള കളക്ഷൻ ഒരുക്കിയിരിക്കുന്നത്.

ഫാബ്ഹോമിന്റെ ഹോം ഡെക്കർ ശ്രേണിയിൽ ആന്റിക് ബ്രാസ് വിളക്കുകൾ, പൂജാ സാമഗ്രികൾ, ഡിന്നർവെയർ, ടേബിൾ ലിനൻ തുടങ്ങിയവയും ഓണം സമ്മാനങ്ങളായി ലഭിക്കും. ഫാബ്ഇന്ത്യ സ്റ്റോറുകളിലും വെബ്സൈറ്റിലും ഓണം കളക്ഷൻ ലഭിക്കും.

# നെഹ്റു ട്രോഫി വള്ളംകളിയിൽ എൻ.എസ്.ഇ. നിക്ഷേപക അവബോധ പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെയും (സെബി) നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യയുടെയും (എൻ.എസ്.ഇ.) ആഭിമുഖ്യത്തിൽ, ആലപ്പുഴയിലെ പുന്നമട കായലിൽ നടന്ന നെഹ്റു ട്രോഫി വള്ളംകളിയോടനുബന്ധിച്ച് നിക്ഷേപക അവബോധ പവലിയൻ സംഘടിപ്പിച്ചു. രാജ്യത്തുടനീളം സാമ്പത്തിക സാക്ഷരതയും നിക്ഷേപക സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ സെക്യൂരിറ്റീസ് മാർക്കറ്റ് പങ്കാളികളുമായി സഹകരിച്ചാണ് ഈ സംരംഭം നടപ്പിലാക്കിയത്.




വള്ളംകളിയുടെ ആത്മാവും നിക്ഷേപ തത്വങ്ങളും തമ്മിലുള്ള സമാനതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട്, സുരക്ഷിതവും വിവരം ബോധ്യപ്പെട്ടുള്ളതുമായ നിക്ഷേപത്തിന്റെ പ്രാധാന്യം പവലിയൻ സന്ദർശകരിലേക്ക് എത്തിച്ചു. നിക്ഷേപക അവകാശങ്ങൾ, തട്ടിപ്പുകൾ തിരിച്ചറിഞ്ഞ് ഒഴിവാക്കൽ, സാമ്പത്തിക ആസൂത്രണം തുടങ്ങിയ പ്രധാന വിഷയങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഗെയിമുകൾ ഉൾപ്പെടെയുള്ള വിവിധ സംവേദനാത്മക പ്രവർത്തനങ്ങൾ പവലിയനിൽ ഒരുക്കിയിരുന്നു.

സാമ്പത്തിക അവബോധത്തെ ഒരു ജനപ്രിയ കായിക ഉത്സവത്തിലേക്ക് എത്തിക്കുന്നതിലൂടെ, പരമ്പരാഗത പ്ലാറ്റ്ഫോമുകൾക്കപ്പുറത്തേക്ക് നീങ്ങാനും വൈവിധ്യമാർന്ന പ്രേക്ഷകരുമായി സംവദിക്കാനുമാണ് എൻ.എസ്.ഇ.യും സെബിയും ഇതിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി നിരവധി പ്രമുഖ വ്യക്തികളും മാർക്കറ്റ് സ്ഥാപനങ്ങളും ഈ ചടങ്ങിൽ പങ്കെടുത്തു.



ATHIRAPPILLY SKY STORM CABLE CAR

# ഉയരങ്ങളിലേക്കുയർന്ന് സിൽവർ സ്റ്റോം

## സ്കൈ സ്റ്റോം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു






**അതിരപ്പിള്ളി സിൽവർസ്റ്റോം പാർക്കിൽ പുതിയതായി ആരംഭിച്ച സ്കൈ സ്റ്റോം കേബിൾ കാറിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യുന്നു.**

**അതിരപ്പിള്ളി:** വിനോദ സഞ്ചാരികൾ കേരളത്തിൽ എത്തുകയും ചുരുങ്ങിയത് ഏഴ് ദിവസമെങ്കിലും ഇവിടെ തങ്ങുകയും വേണം. എങ്കിൽ മാത്രമേ ടൂറിസം മേഖലയിൽ ഉയർച്ചയുണ്ടാകുകയുള്ളുവെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. അതിരപ്പിള്ളിയിലെ സിൽവർ സ്റ്റോം പാർക്കിൽ പുതിയതായി ആരംഭിച്ച സ്കൈ സ്റ്റോം കേബിൾ കാറിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിന്റെ സമഗ്ര വികസനത്തിന് സ്വകാര്യ സംരംഭകരും, വലിയ പദ്ധതികളും അനിവാര്യമാണ്. കൊച്ചിയിൽ ഓഷിനേറിയം, പോർച്ചുഗീസുകാർ കേരളത്തിൽ വന്നതുമുതലുള്ള മുഴുവൻ ഹിസ്റ്ററി അനാവരണം ചെയ്യുന്ന രാജ്യാന്തര മാരിറ്റയിൽ മ്യൂസിയം, ഫിലിം സിറ്റി, എം.ടി.വാസുദേവൻ നായരുടെ പേരിൽ കോഴിക്കോട് കൾച്ചറൽ പാർക്ക് തുടങ്ങി സഞ്ചാരികളെ ഏഴ് ദിവസം വരെ കേരളത്തിൽ പിടിച്ചുനിറുത്താൻ പ്രേരിപ്പിക്കുന്ന ഒട്ടനവധി പദ്ധതികൾ സർക്കാരിന്റെ പട്ടികയിലുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സിൽവർ സ്റ്റോം പോലുള്ള മികച്ച സംരംഭകർക്ക് സർക്കാരിന്റെ പിന്തുണ ഉണ്ടാകും. സിൽവർ സ്റ്റോമിൽ എം.എൽ.എ, പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി എന്ന നിലകളിൽ ഓരോ തവണ വരുമ്പോഴും സഞ്ചാരികളെ ആകർക്ഷിക്കാൻ ഉതകുന്ന വ്യത്യസ്ഥങ്ങളായ ആശയങ്ങളാണ് മാനേജിംഗ് ഡയറക്ടർ എ.ഐ ഷാലിമാറിന്റെ നേതൃത്വത്തിൽ പാർക്കിൽ കൊണ്ടുവരുന്നതെന്ന് വി.ഡി. സതീശൻ പറഞ്ഞു. കേബിൾ കാറിനൊപ്പം പ്രവർത്തനം ആരംഭിച്ച ജംഗിൾ സ്റ്റോം ഫോറസ്റ്റ് വില്ലേജിന്റെ ഉദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി.കെ കുഞ്ഞാലികുട്ടി നിർവഹിച്ചു. മുഖ്യമന്ത്രിയും സംഘവും കേബിൾ കാർ യാത്രയും നടത്തി.

മന്ത്രിമാരായ റോജി എം ജോൺ, ഒ.ജെ. ജനീഷ്, സനീഷ് കുമാർ ജോസഫ് എം.എൽ.എ, ജില്ലാ കളക്ടർ ശിഘ സുരേന്ദ്രൻ, സിൽവർ സ്റ്റോം മാനേജിങ് ഡയറക്ടർ എ.ഐ. ഷാലിമാർ, ചാലക്കുടി മുനിസിപ്പൽ ചെയർപേഴ്സൺ ഷിബു ആലീസ്, അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സതീഷ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജാൻസി പൗലോസ്, ജില്ല വ്യവസായ കേന്ദ്രം ജില്ലാ മാനേ ജർ ഷീബ, ശങ്കര കൃഷ്ണ രാമലിംഗം, ടി. എ നവാസ്, പി. ജെ ജോയ്, അനീഷ് ഉണ്ണി കൃഷ്ണൻ, സിൽവർ സ്റ്റോം ചെയർമാൻ പി. കെ അബ്ദുൽ ജലീൽ, സീ ഷോർ മുഹമ്മദലി, പ്രൊമോട്ടർ സിറാജ് വലിയവീട്ടിൽ, വി.എ.അരവിന്ദാക്ഷൻ, കെ.സ്വാതി ഷാ, മുഹമ്മദ് ഹാസിം, കെ.രാമചന്ദ്രൻ, ഇ.കെ ഷാജി എന്നിവർ പങ്കെടുത്തു. ചടങ്ങിൽ ഐ.പി. ഒയ്ക്ക് നേതൃത്വം നൽകിയവരെയും, സിൽവർ സ്റ്റോമിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചവരെയും മുഖ്യമന്ത്രി മെമന്റോ നൽകി ആദരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

അറബിക്കടലിന്റെ ഓരം പറ്റി സഖ്യസാനുവിന്റെ മടിത്തട്ടിൽ നീണ്ടുനിവർന്ന് കിടക്കുന്ന കേരളം എന്ന ഈ കൊച്ചു പ്രദേശം ദൈവത്തിന്റ സ്വന്തം നാട് എന്നാണ് ലോകം മുഴുവൻ അറിയപ്പെടുന്നത്. ലോക ടൂറിസം ഭൂപടത്തിൽ ഒരിക്കലെങ്കിലും കണ്ടിരിക്കേണ്ട സ്ഥലങ്ങളുടെ പട്ടികയിൽ കേരളത്തെയും അടയാളപ്പെടുത്തിയിട്ടുണ്ട്. അതിരപ്പിള്ളി വെള്ളച്ചാട്ടവും കാനന ഭംഗിയും ആസ്വദിക്കാതെ കേരളത്തിലെത്തുന്ന ഒരു സഞ്ചാരിയും മടങ്ങാറില്ല. ആ അതിരപ്പിള്ളിയുടെ സാധ്യത തിരിച്ചറിഞ്ഞ എ.ഐ ഷാലിമാർ എന്ന ചെറുപ്പക്കാരൻ ഇരുപത്തിയഞ്ച് വർഷം മുമ്പ് അതിരപ്പിള്ളിയിൽ തുടങ്ങിയതാണ് സിൽവർ സ്റ്റോം വാട്ടർ തീം പാർക്ക്. കൃത്യമായ ഇടവേളകളിൽ പാർക്കിന്റെ മുഖഛായമാറ്റുന്നതിൽ അദ്ദേഹം വിജയിച്ചു. ചുറ്റും വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശത്ത് വിനോദ സഞ്ചാരികൾക്ക് താമസിക്കാനായി ആദ്യം പാർക്കിനുള്ളിൽ തന്നെ റിസോർട്ട് പണികഴിപ്പിച്ചു. സമയാസമയങ്ങളിൽ റൈഡുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. ലഡാക്കിൽ പോകാതെ തന്നെ ലഡാക്കിന്റെ മഞ്ഞുമലകളെ ആസ്വദിക്കാൻ സ്നോ സ്റ്റോം അവതരിപ്പിച്ചു. അതിരപ്പിള്ളിയുടെ ചക്രവാളങ്ങൾക്കപ്പുറം ജംഷെഡ്പൂരിലേയ്ക്കും സ്നോ സ്റ്റോമിനെ എത്തിച്ചു. ലക്നോവിൽ ഉടൻ പ്രവർത്തനം തുടങ്ങും. മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കേരളത്തിൽ നിന്നും ലിസ്റ്റ് ചെയ്യുന്ന രണ്ടാമത്തെ തീം പാർക്കാണിപ്പോൾ സിൽവർ സ്റ്റോം. വളർച്ചയുടെ അടുത്ത പടിയായി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത് ആകാശ കാഴ്ച്ചയുടെ വിസ്മയ ലോകം തീർക്കുന്ന സ്കൈ സ്റ്റോം എന്ന കേബിൾ കാറാണ്. ഒപ്പം ജംഗിൾ സ്റ്റോം ഫോറസ്റ്റ് വില്ലേജും. നൂതന സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന കേബിൾ കാറിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവഹിക്കുവാൻ എത്തിയപ്പോൾ പകർത്തിയ വിവിധ ദൃശ്യങ്ങൾ.



ATHIRAPPILLY SILVER STORM PARKS AND RESORTS



അതിരപ്പിള്ളി സിൽവർസ്റ്റോം പാർക്കിൽ ആരാധകർക്കായി സെൽഫിക്ക് പോസ് ചെയ്യുന്ന മുഖ്യമന്ത്രി



അതിരപ്പിള്ളി സിൽവർസ്റ്റോം പാർക്കിൽ പുതിയതായി ആരംഭിച്ച സ്കൈ സ്റ്റോം കേബിൾ കാറിന്റെ ഉദ്ഘാടനത്തിനെത്തിയ മുഖ്യമന്ത്രി വി.ഡി.സതീശൻ ജംഗിൾ പാർക്കിലെ ബ്ലൂ ആൻഡ് യെ ല്ലോ മക്കാവിനെ കൈയിലെടുത്തപ്പോൾ.






ATHIRAPPILLY
SILVER STORM
PARKS AND RESORTS

















ATHIRAPPILLY
SILVER STORM
PARKS AND RESORTS



